**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 243** | **27-01-2026 - ൽ മറുപടിയ്ക്ക്**

**കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനും അന്തേവാസികളുടെ സുരക്ഷയ്ക്കും നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ? | (എ) | സ്ഥാപനത്തിന്റെ വികസനത്തിനും അന്തേവാസികളുടെ സുരക്ഷക്കും ആയി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. പ്ലാൻ ഫണ്ട് വിനിയോഗിച്ച് കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തി വരുന്നു. കൂടാതെ ഐപി ബ്ലോക്കിന്റെ വിപുലീകരണത്തിനായി നബാർഡ് ആദ്യഘട്ട ഫണ്ടായി അനുവദിച്ച 28കോടി രൂപയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഓ പി & ചൈൽഡ് ഓ പി, ഐ.പി ഇവയ്ക്കായി രണ്ടാം ഘട്ടത്തിലേയ്ക്കുള്ള 27 കോടി രൂപയുടെ നബാർഡ് ഫണ്ട് ലഭിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചു വരുന്നു. 3 കോടി രൂപ പ്ലാൻ ഫണ്ട് അനുവദിച്ച ഡീ അഡിക്ഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തി പുരോഗമിച്ചു വരുന്നു. പുതിയ പുനരധിവാസ കേന്ദ്രം കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തിക്കായി പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച 8 കോടി രൂപയുടെ നിർമ്മാണ പ്രവർത്തി പൂർത്തിയായിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണത്തിന്റെ 6 കോടി രൂപ പ്ലാൻ ഫണ്ട് വിനിയോഗിച്ചു കൊണ്ടുള്ള പ്രവർത്തി 40% പൂർത്തിയായിട്ടുണ്ട്. രോഗികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി 20 താത്കാലിക വാച്ച്മാൻ തസ്തികയും 2 സെൻടി തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ സുരക്ഷയ്ക്കായി 102 സിസിടിവി ക്യാമറകളും 2 മിനി മാസ്റ്റ് ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ ഹൈ മാസ്റ്റ് & മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പി.ഡബ്ല്യു.ഡിയുമായി ചേർന്ന് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഫോറൻസിക് വാർഡുകളിൽ രോഗികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി പോലീസ് എയിഡ് പോസ്റ്റുകളും സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ